ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE : 22.09.2024** | **പ്രധാന വാർത്തകൾ** | **TIME : 12.50 PM**

1. സ്വതന്ത്രവും സമൃദ്ധവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ഇന്തോ-പസഫിക് മേഖലക്ക് വേണ്ടി ക്വാഡ് പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ക്വാഡ് നേതാക്കളുടെ ഉച്ചകോടിയെ പ്രധാനമന്ത്രി അഭിസംബോധന ചെയ്തു.

   **Prime Minister Narendra Modi attends Quad leaders Summit in US; Says, Quad is committed for free, open, inclusive and prosperous Indo-Pacific.**

2. കാൻസർ പ്രതിരോധം ലക്ഷ്യമിട്ട് ഇൻഡോ-പസഫിക് രാജ്യങ്ങൾക്കായി ഇന്ത്യ 40 ദശലക്ഷം വാക്സിൻ ഡോസുകൾ സംഭാവന ചെയ്യുമെന്ന് പ്രധാനമന്ത്രി.

   **PM pledges 40 million doses of cancer vaccine for Indo-Pacific nations.**

3. യുഎസ് പ്രസിഡൻറ്, ജപ്പാൻ, ഓസ്ട്രേലിയൻ പ്രധാനമന്ത്രിമാർ എന്നിവരുമായി പ്രധാനമന്ത്രി നരേന്ദ്രമോദി കൂടിക്കാഴ്ച നടത്തി.

   **PM Modi holds talks with US President and Prime Ministers of Japan and Australia.**

4. പൂനെയിലെ സ്വകാര്യ കമ്പനിയിൽ ചാർട്ടേഡ് അക്കൗണ്ടന്റ് ആയിരുന്ന മലയാളി യുവതിയുടെ മരണത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ സ്വമേധയ കേസ് എടുത്തു.

   **The National Human Rights Commission takes suo moto case in the death of Kerala woman who was chartered accountant in a private company in Pune.**

5. പ്രസിഡൻറ് തിരഞ്ഞെടുപ്പ് നടക്കുന്ന ശ്രീലങ്കയിൽ വോട്ടെണ്ണൽ പുരോഗമിക്കുന്നു.

**Counting of votes for Presidential elections underway in Sri Lanka.**

6. ബംഗ്ലാദേശിനെതിരായ ക്രിക്കറ്റ് ടെസ്റ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യക്ക് 280 റൺസ് വിജയം.

**India wins the first match of the cricket test series against Bangladesh by 280 runs.**

&&&&&&&&&&&&&&&&

## HEADLINE – 1
## PM BIDEN MEETING-QUAD

സ്വതന്ത്രവും സമൃദ്ധവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ഇന്തോ-പസഫിക് മേഖലക്ക് വേണ്ടി ക്വാഡ് പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. യുഎസിലെ ഡെലവെയറിൽ ക്വാഡ് നേതാക്കളുടെ ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 2025-ൽ ഉച്ചകോടി ഇന്ത്യയിൽ സംഘടിപ്പിക്കാനുള്ള തീരുമാനത്തിൽ പ്രധാനമന്ത്രി സന്തോഷം പ്രകടിപ്പിച്ചു. ശ്രീ മോദി ഇന്ന് ന്യൂയോർക്കിൽ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്യും. യുഎസ് ആസ്ഥാനമായുള്ള പ്രമുഖ കമ്പനികളുടെ സിഇഒമാരുമായും അദ്ദേഹം സംവദിക്കും. നാളെ ന്യൂയോർക്കിൽ നടക്കുന്ന യു.എൻ പൊതുസഭയുടെ, ഉച്ചകോടിയേയും പ്രധാനമന്ത്രി അഭിസംബോധന ചെയ്യും. ക്വാഡ് ഉച്ചകോടിക്ക് മുന്നോടിയായി, പ്രധാനമന്ത്രി ഇന്നലെ യുഎസ് പ്രസിഡന്റ് ജോ ബൈഡനുമായി ഉഭയകക്ഷി ചർച്ച നടത്തിയിരുന്നു. ചർച്ചകൾ അങ്ങേയറ്റം ഫലപ്രദമായിരുന്നുവെന്ന് പ്രധാനമന്ത്രിയും, ഇന്ത്യ-അമേരിക്ക പങ്കാളിത്തം മുൻ കാലങ്ങളിലേക്കാൾ ശക്തവും പരിവർത്തനാത്മകവുമാണെന്ന് പ്രസിഡൻറ് ബൈഡനും സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&

## QUAD SUMMIT OUTCOMES

"ആഗോള നന്മയ്ക്കുള്ള ഒരു ശക്തിയായി" ക്വാഡ് തുടരുമെന്ന് ആവർത്തിച്ച് അംഗ രാജ്യങ്ങൾ. ഇൻഡോ-പസഫിക് മേഖലയുടെയും ആഗോള സമൂഹത്തിന്റെയും വികസനത്തിനായി നിരവധി പദ്ധതികൾ ഉച്ചകോടിയിൽ പ്രഖ്യാപിച്ചു. ഇൻഡോ-പസഫിക് മേഖലയിൽ ക്യാൻസറിനെ ചെറുക്കുന്നതിനായുള്ള "ക്വാഡ് ക്യാൻസർ മൂൺഷോട്ട്" പങ്കാളിത്തം, "Maritime Initiative for Training in the Indo-Pacific" - മൈത്രി, തുറമുഖ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള ക്വാഡ് പോർട്സ് ഓഫ് ദി ഫ്യൂച്ചർ, തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. ക്വാഡ് ലക്ഷ്യങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ, ക്വാഡ് വിൽമിംഗ്ടൺ പ്രഖ്യാപനം നേതാക്കൾ അംഗീകരിച്ചു.

&&&&&&&&&&&&&&&&

## HEADLINE – 2
## PM - CANCER MOONSHOT- INTRO

ഇൻഡോ-പസഫിക് രാജ്യങ്ങൾക്കായി ഇന്ത്യ 40 ദശലക്ഷം വാക്സിൻ ഡോസുകൾ സംഭാവന ചെയ്യുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ക്വാഡ് ഉച്ചകോടിയുടെ ഭാഗമായി ക്യാൻസർ മൂൺഷോട്ട് പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സെർവിക്കൽ ക്യാൻസർ പോലുള്ള വെല്ലുവിളികളെ സംയുക്തമായി നേരിടാനുള്ള ക്വാഡ് രാജ്യങ്ങളുടെ തീരുമാനത്തിൽ പ്രധാനമന്ത്രി സന്തോഷം അറിയിച്ചു. ചെലവ് കുറഞ്ഞ രീതിയിൽ, സെർവിക്കൽ ക്യാൻസർ കണ്ടെത്താനുള്ള പ്രവർത്തനങ്ങൾ ഇന്ത്യയിൽ വൻതോതിൽ

നടന്നുവരികയാണെന്ന് അദ്ദേഹം പറഞ്ഞു.
(പിഎം വോയിസ്)

ലോകത്തിലെ ഏറ്റവും വലിയ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയാണ് ഇന്ത്യയിലുള്ളതെന്നും എല്ലാവർക്കും താങ്ങാനാവുന്ന വിലയിൽ മരുന്നുകൾ ലഭ്യമാക്കുന്നതിന് പ്രത്യേക കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും ശ്രീ മോദി വ്യക്തമാക്കി. ഇന്ത്യയും, സെർവിക്കൽ ക്യാൻസറിനുള്ള സ്വന്തം വാക്സിൻ വികസിപ്പിച്ചിട്ടുണ്ടെന്നും പ്രധാനമന്ത്രി കൂട്ടിച്ചേർത്തു.

&&&&&&&&&&&&&&&&

## HEADLINE – 3
## MODI - JAPAN PM MEET

ക്വാഡ് ഉച്ചകോടിയോടനുബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി ജാപനീസ് പ്രധാനമന്ത്രി ഫുമിയോ കിഷിദയുമായി കൂടിക്കാഴ്ച നടത്തി. കഴിഞ്ഞ വർഷങ്ങളിലെ ഇന്ത്യ - ജപ്പാൻ നയതന്ത്ര - ആഗോള പങ്കാളിത്തം കഴിഞ്ഞ 10 വർഷത്തിൽ നേടിയ പുരോഗതിയിൽ ഇരുനേതാക്കളും സംതൃപ്തി രേഖപ്പെടുത്തി. പ്രതിരോധം, സുരക്ഷ തുടങ്ങി വിവിധ മേഖലകളിലെ സഹകരണം സുദൃഢമാക്കുന്നതിനുള്ള കാഴ്ചപാടുകളും ഇരുനേതാക്കളും പങ്കുവെച്ചു.

&&&&&&&&&&&&&&&&

## HEADLINE – 3 (A)
## PM MODI - AUSTRALIAN PM MEET

ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആന്റണി ആൽബനീസുമായും പ്രധാനമന്ത്രി നരേന്ദ്രമോദി കൂടിക്കാഴ്ച നടത്തി. പ്രതിരോധം, വ്യാപാരം, നിക്ഷേപം, ഗവേഷണം, കാലാവസ്ഥ വ്യതിയാനം, പുനരുപയോഗ

ഊർജ്ജം തുടങ്ങിയ മേഖലകളിലെ ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് ഇരുനേതാക്കളും ചർച്ച നടത്തി. പരസ്പര താൽപര്യമുള്ള വിവിധ ആഗോള - പ്രാദേശിക വിഷയങ്ങളിലെ കാഴ്ചപ്പാടുകളും ഇരുവരും പങ്കുവെച്ചു.

&&&&&&&&&&&&&&&&

## PM US VISIT- RETURN OF ARTIFACTS

ഇന്ത്യയിൽ നിന്നും പുറത്തേക്ക് കടത്തിയ 297 പുരാവസ്തുക്കൾ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ യു.എസ് സന്ദർശനത്തോടനുബന്ധിച്ച്, അമേരിക്ക ഇന്ത്യക്ക് തിരികെ നൽകി. ഇവ ഉടനെ ഇന്ത്യയിലേക്ക് തിരികെ കൊണ്ടുവരും. ഈ വസ്തുക്കൾ ഇന്ത്യയുടെ ചരിത്രത്തിന്റെയും സംസ്കാരത്തിൻറെയും ഭാഗമാണെന്ന് പറഞ്ഞ പ്രധാനമന്ത്രി, യു.എസ് പ്രസിഡന്റ് ബൈഡന് നന്ദി രേഖപ്പെടുത്തി.

&&&&&&&&&&&&&&&&

## PIYUSH GOYAL-EAST ASIA SUMMIT

2027 ഓടെ ലോകത്തെ ഏറ്റവും വലിയ മൂന്നാമത്തെ സാമ്പത്തിക ശക്തിയായി മാറാനുള്ള യാത്രയിലാണ് ഇന്ത്യയെന്ന് കേന്ദ്ര വാണിജ്യ-വ്യവസായ മന്ത്രി പീയുഷ് ഗോയൽ. ലാവോസിൽ 12 ആമത് ഈസ്റ്റ് ഏഷ്യ സാമ്പത്തിക കാര്യ മന്ത്രിമാരുടെ യോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഈസ്റ്റ് ഏഷ്യ ഉച്ചകോടിയെ ശക്തിപ്പെടുത്താൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന് വ്യക്തമാക്കിയ കേന്ദ്രമന്ത്രി, ആഗോള വ്യാപാര സംഘടനയുടെ സുതാര്യമായ നവീകരണത്തിന് ഇന്ത്യ നടത്തുന്ന ശ്രമങ്ങൾ എടുത്തു പറഞ്ഞു.

&&&&&&&&&&&&&&&&&

## PM-RHINO DAY

ഇന്ന് ലോക റൈനോ ഡേ. കാണ്ടാമൃഗങ്ങളുടെ സംരക്ഷണത്തിന് ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി സമൂഹമാധ്യമത്തിൽ കുറിച്ചു. കാണ്ടാമൃഗങ്ങളുടെ സംരക്ഷണത്തിനായി പ്രവർത്തിക്കുന്ന എല്ലാവരെയും അഭിനന്ദിക്കുന്നതായി പറഞ്ഞ പ്രധാനമന്ത്രി തന്റെ കാസിരംഗ ദേശീയോദ്യാന സന്ദർശനം അനുസ്മരിച്ചു.

&&&&&&&&&&&&&&&&&

## MODI 3.0 - SOCIAL WELFARE INTRO

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്രസർക്കാർ മൂന്നാം വട്ടവും അധികാരത്തിലെത്തി നൂറു ദിവസം പിന്നിടുന്നതിനിടെ ആരംഭിച്ചത് 15 ലക്ഷം കോടി രൂപയുടെ വിവിധ പദ്ധതികൾ.

**വിശദാംശങ്ങളിലേക്ക്.....**

(വോയിസ്)

*അടിസ്ഥാന സൗകര്യങ്ങൾ, സാമൂഹ്യക്ഷേമം, കർഷകർ, മധ്യവർഗം, സ്ത്രീകൾ, യുവജനങ്ങൾ എന്നിങ്ങനെ വിവിധ മേഖലകളെ പരിഗണിച്ചു കൊണ്ടുള്ള ക്ഷേമ പദ്ധതികൾക്കാണ് സർക്കാർ 100 ദിനത്തിൽ പ്രാധാന്യം നൽകിയത്. 63,000 ഗ്രാമങ്ങളിലെ അഞ്ച് കോടി ആദിവാസികളുടെ സാമൂഹിക-സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി പ്രധാനമന്ത്രി ജൻജാതിയ ഉന്നത് ഗ്രാമ അഭിയാൻ, സർക്കാർ പദ്ധതി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി രണ്ട് ലക്ഷത്തി 90,000 ത്തിലധികം യൂണീക് ഡിസബിലിറ്റി തിരിച്ചറിയൽ*

*കാർഡുകൾ, മാലിന്യം ശേഖരിക്കുന്നവരുടെ ഉന്നമനത്തിനും ക്ഷേമത്തിനുമായി നാഷണൽ ആക്ഷൻ ഫോർ മെക്കനൈസ്ഡ് സാനിറ്റേഷൻ ഇക്കോസിസ്റ്റം പദ്ധതി, ലഹരി ഉപയോഗത്തിൽ നിന്ന് മോചനം തേടാനും, മയക്കുമരുന്ന് കടത്ത് റിപ്പോർട്ട് ചെയ്യാനും മനസ് ഹെൽപ്പ് ലൈൻ തുടങ്ങി വിവിധ പദ്ധതികൾക്കും തുടക്കം കുറിച്ചു. വഖഫ് (ഭേദഗതി) ബിൽ 2024 ഉം സർക്കാർ പാർലമെന്റിൽ അവതരിപ്പിച്ചു.*

*ന്യൂസ് ഡെസ്ക് ആകാശവാണി...*

&&&&&&&&&&&&&&&&

## DELHI-PORTFOLIO ALLOCATION

ഡൽഹിയിൽ പുതുതായി സത്യപ്രതിജ്ഞ ചെയ്തു അധികാരമേറ്റ മന്ത്രിമാർക്ക് വകുപ്പുകൾ വിഭജിച്ചു നൽകി. പുതിയ മന്ത്രിസഭയിൽ മുഖ്യമന്ത്രി അതിഷി ഉൾപ്പെടെ അഞ്ചു മന്ത്രിമാരാണ് ഉള്ളത്. വിദ്യാഭ്യാസം, ഊർജം, ധനകാര്യം തുടങ്ങി 13 വകുപ്പുകളുടെ ചുമതല മുഖ്യമന്ത്രിക്കാണ്. ആരോഗ്യം, നഗരവികസനം, സാമൂഹിക ക്ഷേമം എന്നിവയുടെ ചുമതല സൗരഭ് ഭരദ്വാജ് വഹിക്കും. വകുപ്പ് വിഭജനം സംബന്ധിച്ച ശിപാർശ ഡൽഹി ലെഫ്റ്റനന്റ് ഗവർണറിന് നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&

## HEADLINE – 4
## NHRC-CA PUNE DEATH

പൂനെയിലെ സ്വകാര്യ കമ്പനിയിൽ ചാർട്ടേഡ് അക്കൗണ്ടന്റ് ആയിരുന്ന മലയാളി യുവതിയുടെ മരണത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ സ്വമേധയ കേസ് എടുത്തു. കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന് നോട്ടീസ് അയച്ച കമ്മീഷൻ നാലാഴ്ചയ്ക്കകം റിപ്പോർട്ട്

സമർപ്പിക്കാനും നിർദേശം നൽകി. ജോലി ഭാരം മൂലമാണ് യുവതി മരിച്ചതെന്ന പരാതി ഏറെ ഗൗരവമേറിയതാണെന്നും രാജ്യത്തെ തൊഴിലാളി നയങ്ങളും തൊഴിൽ സംസ്കാരവും വിലയിരുത്തേണ്ടതാണെന്നും കമ്മീഷൻ വ്യക്തമാക്കി.

&&&&&&&&&&&&&&&&

## B L VARMA

കേന്ദ്ര സാമൂഹിക നീതി വകുപ്പ് സഹമന്ത്രി ബി. എൽ വർമ്മ ഇന്ന് കോഴിക്കോട് സന്ദർശിക്കും. ഭിന്നശേഷിക്കാർക്കായി പ്രവർത്തിക്കുന്ന സ്ഥാപനമായ കോമ്പോസിറ്റ് റീജണൽ സെന്ററിൽ, ഭിന്നശേഷിക്കാർ, അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരുമായി കേന്ദ്രസഹമന്ത്രി സംവദിക്കും. ഭിന്നശേഷിക്കാർക്ക് ഉള്ള സഹായ ഉപകരണങ്ങളുടെ വിതരണവും അദ്ദേഹം നിർവഹിക്കും. തുടർന്ന് 'സ്വച്ഛത ഹി സേവായുടെ ഭാഗമായി 'ഏക് പേട് മാം കേ നാം' പരിപാടിയിലും കേന്ദ്രസഹമന്ത്രി പങ്കെടുക്കും.

&&&&&&&&&&&&&&&&

## M-POX - ALAPPUZHA

കേരളത്തിൽ, ആലപ്പുഴ ജില്ലയിൽ എംപോക്സ് രോഗലക്ഷണങ്ങളോടെ ഒരാൾ ചികിത്സയിൽ. വിദേശത്ത് നിന്ന് എത്തിയ ഇയാൾ ആലപ്പുഴ മെഡിക്കൽ കോളേജിലാണ് ചികിത്സ തേടിയത്. ഇദ്ദേഹത്തിന്റെ കുടുംബം നിരീക്ഷണത്തിൽ കഴിയുകയാണ്. തിങ്കളാഴ്ചയോടെ പരിശോധനാഫലം പുറത്തുവന്നാൽ മാത്രമേ രോഗം സ്ഥിരീകരിക്കാനാവൂ.

&&&&&&&&&&&&&&&&

## HEADLINE – 5
## SRI LANKA - COUNTING

പ്രസിഡൻറ് തെരഞ്ഞെടുപ്പ് നടക്കുന്ന ശ്രീലങ്കയിൽ വോട്ടെണ്ണൽ പുരോഗമിക്കുന്നു. നാഷണൽ പീപ്പിൾസ് പവർ പാർട്ടിയുടെ സ്ഥാനാർഥികൾ പോസ്റ്റൽ ബാലറ്റുകളിൽ മുന്നിട്ടു നിൽകുകയാണ്. 75 ശതമാനത്തോളം പോളിംഗ് രേഖപ്പെടുത്തിയ വോട്ടെടുപ്പ് പൊതുവേ സമാധാനപരമായിരുന്നു. അതിനിടെ മുൻകരുതൽ നടപടിയെന്ന നിലയിൽ രാജ്യത്ത് ഇന്നലെ രാത്രി മുതൽ ഏർപ്പെടുത്തിയ കർഫ്യു ഇന്ന് ഉച്ചവരെ നീട്ടിയിരുന്നു.

&&&&&&&&&&&&&&&&

## HEADLINE – 6
## CRICKET TEST

ബംഗ്ലാദേശിനെതിരായ ക്രിക്കറ്റ് ടെസ്റ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യക്ക് 280 റൺസ് വിജയം. ഇന്ത്യ ഉയർത്തിയ 515 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ബംഗ്ലാദേശ് നാലാം ദിവസം 234 റൺസിന് പുറത്താകുകയായിരുന്നു. ആദ്യ ഇന്നിംഗ്സിൽ ഇന്ത്യ 376 ഉം രണ്ടാം ഇന്നിംഗ്സിൽ 287 ഉം റൺസാണ് നേടിയത്. ബംഗ്ലാദേശിൻറെ ഒന്നാം ഇന്നിംഗ്സ് 149 ൽ അവസാനിച്ചു. ഇതോടെ രണ്ട് മത്സരങ്ങളുടെ പരമ്പരയിൽ ഇന്ത്യ മുന്നിലെത്തി.

&&&&&&&&&&&&&&&&

## IMD + TELENGANA RAIN

അടുത്ത അഞ്ച് ദിവസം രാജ്യത്ത് വിവിധയിടങ്ങളിൽ കനത്ത മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. വിദർഭ, ഛത്തീസ്ഗഡ്, എന്നിവിടങ്ങളിലും വടക്ക്

കിഴക്കൻ സംസ്ഥാനങ്ങളിലും ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. തെലങ്കാനയിൽ ഇന്നലെ രാത്രി ശക്തമായ മഴ പെയ്തു. ഹൈദരാബാദിൻറെ വിവിധ ഭാഗങ്ങളിലും സമീപ ജില്ലകളിലുമാണ് ഏറ്റവുമധികം മഴ ലഭിച്ചത്. തെലങ്കാനയിലെ വിവിധ ജില്ലകളിൽ തിങ്കളാഴ്ച വരെ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&

## BIHAR FLOOD

ബിഹാറിൽ വെള്ളപ്പൊക്കത്തെ തുടർന്ന് ട്രെയിൻ ഗതാഗതം തടസപ്പെട്ടു. സുൽത്താൻഗഞ്ച്, രത്തൻപൂർ സ്റ്റേഷനുകൾക്കിടയിൽ റെയിൽവേ ട്രാക്കുകൾ വെള്ളത്തിനടിയിലായി.

&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&